"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ ജെ.സി.ബി ലിഫ്റ്റ് ആൾ ക്രെയിനിന്റെ (KL-11-AQ 6075) 2025-26 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് കേരള മാരിടൈംബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും തുക അനുവദിച്ച പ്രവർത്തി സാധൂകരിച്ച് - ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.329/2025/F&P തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/04/2025 ലെ HOXMB-TVM/21/2024-D1 (Tech) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ ജെ.സി.ബി ലിഫ്റ്റ് ആൾ ക്രെയിനിന്റെ (KL-11-AQ 6075) 2025-26 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം കാലാവധി 12/04/2025 ന് അവസാനിക്കുന്നതാണെന്നും ആയത് പുതുക്കുന്നതിന് കോഴിക്കോട് ജില്ലാ ഇൻഷുറൻസ് ഓഫീസിൽ നിന്നും ലഭ്യമായ 7,367/- രൂപയുടെ renewal notice ലഭ്യമാക്കിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ മേൽ ക്രെയിനിന്റെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിനായി 7,367/- രൂപ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ ക്കായി കോഴിക്കോട് തുറമുഖ ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് കേരള മാരിടൈം ബോർഡ് പരാമർശം കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇൻഷുറൻസ് കാലാവധി 12.04.2025 ന് അവസാനിക്കുന്നതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പോളിസി പുതുക്കുന്നതിനുള്ള 7,367/- രൂപ കേരളാ മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നതിനാൽ, ബേപ്പൂർ തുറമുഖത്തെ ജെ.സി.ബി ലിഫ്റ്റ് ആൾ ക്രെയിനിന്റെ (KL-11-AQ) 2025-26 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് 7,367/- രൂപ ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിച്ച പ്രവർത്തി സാധുകരിച്ച് 7,367/- രൂപയുടെ ഭരണാനുമതി 5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്തെ ജെ.സി.ബി ലിഫ്റ്റ് ആൾ ക്രെയിനിന്റെ (KL-11-AQ 6075) 2025-26 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് 7,367/- രൂപ (ഏഴായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിച്ച പ്രവർത്തി സാധൂകരിച്ച്, ഭരണാനുമതി 5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments"

എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 20-05-2025 15:11:43